# കേരള സർക്കാർ

നം.77460/ഡിഎ2/12/തസ്വഭവ

തദ്ദേശ സ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി : 01.07.2013.

## സർക്കുലർ

വിഷയം : - തദ്ദേശ സ്വയംഭരണ വകുപ്പ് - ബുദ്ധിവൈകല്യമുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത്- ജീപ്പബിൾ റോഡ് നിർമ്മിക്കുന്നതിന് മുൻഗണന നൽകുന്നത് - സംബന്ധിച്ച്

സൂചന : - പഞ്ചായത്ത് ഡയറക്ടറുടെ 27.04.2013-ലെ ജെ4-1743/2013 നമ്പർ കത്ത്

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ അവരുടെ വൈകല്യങ്ങൾ അതിജീവിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും സഹായങ്ങൾ ലഭ്യമാക്കുകയെന്നത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ ബുദ്ധിവൈകല്യമുള്ള കുട്ടികളെ സ്കൂളുകളിലും ആശുപത്രികളിലും കൊണ്ടുപോകുന്നതടക്കമുള്ള ആവശ്യങ്ങൾക്ക് ജീപ്പ് പോകുന്ന തരത്തിലുള്ള റോഡുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് മുൻഗണന നൽകുന്ന വിഷയം പരിഗണിക്കണമെന്ന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നു.

സി.വത്സല
ജോയിന്റ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ